പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2398 **27-10-2026-ൽ മറുപടിയ്ക്ക്**

കെ.എസ്.ഇ.ബി.യുടെ ദീർഘകാല വൈദ്യുതി കരാർ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

പ്രൊഫ. സി. രവീന്ദ്രനാഥ്

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) കെ.എസ്.ഇ.ബി.യുടെ ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകളുമായി ബന്ധപ്പെട്ട ബിഡ്ഡിംഗ് നടപടികളിൽ കേന്ദ്ര മാർഗനിർദ്ദേശങ്ങളിൽ നിന്നുള്ള വ്യതിയാനങ്ങൾ ചൂണ്ടിക്കാട്ടി, OP No.13/2015-ൽ 30.08.2016-ന് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ച സമയത്തെ കമ്മീഷൻ ചെയർമാൻ ആരായിരുന്നുവെന്നും അദ്ദേഹത്തെ ചെയർമാനായി നിയമിച്ചത് ഏത് സർക്കാരിന്റെ കാലത്താണെന്നും നിയമന തീയതി സഹിതം വ്യക്തമാക്കുമോ;

മറുപടി: കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ച സമയത്ത് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (KSERC) ചെയർമാൻ ശ്രീ. ടി.എം. മനോഹരൻ ആയിരുന്നു. അദ്ദേഹം ചെയർമാൻ ആയിരുന്ന കാലയളവ് 11.01.2013 മുതൽ 02.05.2017 വരെ ആയിരുന്നു.

(ബി) പ്രസ്തുത ഉത്തരവിൽ, കേന്ദ്രസർക്കാരിന്റെ ബിഡ്ഡിംഗ് മാർഗനിർദ്ദേശങ്ങളിൽ നിന്നുള്ള എന്തെല്ലാം വ്യതിയാനങ്ങളാണ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ;

മറുപടി: 30.08.2016-ൽ കമ്മീഷൻപുറപ്പെടുവിച്ച ഉത്തരവിൽ പരാമർശിച്ച പ്രകാരം കേന്ദ്രമാർഗ്ഗ നിർദ്ദേശങ്ങളിൽ നിന്നും 2014-ലെ താരിഫ് റഗുലേഷനുകളിൽ നിന്നും പ്രാധാന വ്യതിചലനങ്ങളായി പറഞ്ഞിട്ടുള്ളത് താഴെപ്പറയുന്നവയാണ്.

1. കേന്ദ്ര മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഏറ്റവും കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ബിഡ് മാത്രമേ അംഗീകരിയ്ക്കാവൂ എന്നിരിക്കേ, എൽ1 നിരക്കായ യൂണിറ്റിന് 3.60 രൂപയ്ക്ക് മുകളിൽ ക്വാട്ട് ചെയ്ത എൽ2 നിരക്കായ യൂണിറ്റിന് 4.15 രൂപയ്ക്ക് കെ.എസ്.ഇ.ബി ലിമിറ്റഡ് വൈദ്യുതി ഉൽപ്പാദകരുമായി കരാറിലേർപ്പെട്ടു.

2. എൽ1 ക്വാട്ട് ചെയ്ത തുകയുമായി മാച്ചിംഗ് നടത്തുന്നതിനായി എല്ലാ ബിഡർമാർക്കും അവരുടെ ബിഡ് സെക്യൂരിറ്റി പുനക്രമീകരിയ്ക്കുന്നതിനോ അല്ലെങ്കിൽ നീട്ടി നൽകുന്നതിനോ തുല്യ അവസരം കെ.എസ്.ഇ.ബി ലിമിറ്റഡ് നൽകിയില്ല.

3. ബിഡ് 2ൽ ടെണ്ടർ ചെയ്തത് 400 MW വൈദ്യുതിയാണെങ്കിലും, കെ.എസ്.ഇ.ബി ലിമിറ്റഡ് ബിഡ് 2 പ്രകാരം വാങ്ങിയത് 550 MW വൈദ്യുതിയാണ്.

4. DBFOO സ്കീമിന്റെ സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റുകളിൽ നിന്നും കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നുമുള്ള വ്യതിചലനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയില്ല.

5. വൈദ്യുതി വാങ്ങൽ കരാറുകൾ ഒപ്പുവയ്ക്കുന്നതിനു മുൻപ് കമ്മീഷന്റെ മുൻകൂർ അനുവാദം വാങ്ങിയിരുന്നില്ല.

(സി) പ്രസ്തുത ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾക്ക് റെഗുലേറ്ററി കമ്മീഷന്റെ അന്തിമ അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ, കെ.എസ്.ഇ.ബി. ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന ഡോ. ബി. അശോക്, ഐ.എ.എസ്. പ്രസ്തുത കരാറുകളുടെ നിയമസാധുതയോ തുടർനടപടികളോ സംബന്ധിച്ച് സർക്കാരിനോ കെ.എസ്.ഇ.ബി. ഡയറക്ടർ ബോർഡിനോ കത്ത്/ റിപ്പോർട്ട്/ ഫയൽ സമർപ്പിച്ചിരുന്നോ; എങ്കിൽ അദ്ദേഹം രേഖപ്പെടുത്തിയ നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>മറുപടി:</u> ലഭ്യമായ രേഖകൾ പ്രകാരം കെ.എസ്.ഇ.ബി.എൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന ശ്രീ.ബി.അശോക് ഐ.എ.എസ് ഈ വിഷയത്തിൽ 14/12/2021, 27/04/2022 എന്നീ തീയതികളിൽ സർക്കാരിന് കത്ത് നൽകിയതായി കാണുന്നു. 30/08/2016-ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ സർക്കാരിന്റെ അഭിപ്രായം 5 വർഷത്തിനു ശേഷവും രേഖപ്പെടുത്താൻ സാധിക്കാതെയിരിക്കുന്നത് നിയമ നടപടികളിൽ അന്തിമമായി പ്രതികൂലമാകാം എന്ന് ഇത് പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ